/460807/2023


**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം - 14**

**ഇ-മെയിൽ: director.ims@kerala.gov.in ഫോൺ നം. 0471-2323960 വെബ്സൈറ്റ്: www.ims.kerala.gov.in**


**No:D3-4460/2022/DIMS.**

**തീയതി :23-08-2023**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ഐ എം എസ് വകുപ്പ് - നേഴ്സിങ് ഓഫീസർ ശ്രീമതി പി. വി. ഷീലക്കെതിരേയുള്ള അച്ചടക്ക നടപടി - സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച് .

സൂചന : 24/12/2022 ലെ ഇതേ നമ്പർ കുറ്റപത്രം.

ഒളരിക്കര ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്തു ജോലി ചെയ്യുന്നതിനായി 10/07/2007മുതൽ ശൂന്യ വേതന അവധിയിൽ പ്രവേശിച്ച നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-II) ശ്രീമതി.പി.വി.ഷീല എന്ന താങ്കൾ ലീവിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാഞ്ഞതിനാൽ താങ്കൾക്കെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽസൂചന പ്രകാരം കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് താങ്കൾക്ക് കുറ്റപത്രം നല്കുകയുണ്ടായത് -

1. 10/07/2007 മുതൽ 09/07/2012 വരെ KSR Part Iഅനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും , 10/07/2012 മുതൽ 09/07/2017 വരെയും 10/07/2017 മുതൽ 09/07/2022 വരെയും ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 10/07/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ട താങ്കൾ നാളിതുവരെ ജോലിയിൽ പ്രവേശിക്കുകയോ ജോലിയിൽ പ്രവേശിക്കാതിരുന്നതിന് കാരണം ബോധിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ആകയാൽ കെ.എസ്.ആർ. ഭാഗം 1 അപ്പന്റിക്സ് XII A(9) പ്രകാരം താങ്കൾ സർവീസിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

2. 10/07/2007 മുതൽ ശൂന്യ വേതന അവധിയ്ക്ക് ശേഷം തിരികേ ജോലിയിൽ പ്രവേശിക്കാത്തതിനാൽ KSR പ്രകാരവുമുള്ള അച്ചടക്ക ലംഘനങ്ങൾ നടത്തിയതിനു പുറമേ ലീവ് അനുവദിക്കുന്നതിലേക്കായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു .

താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി ശൂന്യ വേതന അവധിയ്ക്ക് സമർപ്പിച്ച അപേക്ഷയിലെ വിലാസത്തിൽ അയച്ച ടി കുറ്റപത്രം കൈപ്പറ്റിയതായി Acknowledgement Card തിരികെ ലഭിച്ചുവെങ്കിലും നാളിതു വരെ താങ്കൾ പ്രതികരിക്കുകയുണ്ടായില്ല. 10/07/2007 മുതൽ 09/07/2012 വരെ KSR Part I അനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും , 10/07/2012 മുതൽ 09/07/2017 വരെയും, 10/07/2017 മുതൽ 09/07/2022 വരെയും ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 10/07/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ട താങ്കൾ, നിലവിലും ഇന്ത്യയ്ക്ക് പുറത്തു തന്നെയായതിനാൽ KSR Part I അനുബന്ധം XII A ലെ വ്യവസ്ഥകൾക്ക് പുറമെ ശൂന്യ വേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു. KSR Part I അനുബന്ധം XII A പ്രകാരം അനുവദിച്ച ശൂന്യ വേതന അവധി തീരുന്ന മുറയ്ക്ക് ഇന്ത്യയിൽ മടങ്ങിയെത്തി തിരികേ ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാരെ KCS(C C & A) Rules 1960 ലെ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് കെ.എസ്.ആർ. ഭാഗം 1

അപ്പന്റിക്സ് XII A(9) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

ആയതിനാൽ ഒളരിക്കര ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്ത് ജോലി ചെയ്യുന്നതിനായി 10/07/2007 മുതൽ അവധിയിൽ പ്രവേശിക്കുകയും ലീവ് കാലാവധി കഴിഞ്ഞിട്ടും ഇന്ത്യയിൽ മടങ്ങിയെത്തി ജോലിയിൽ തിരികേ പ്രവേശിക്കുകയും ചെയ്യാത്ത നഴ്സിംഗ് ഓഫീസർ ശ്രീമതി ശ്രീമതി.പി.വി.ഷീല എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ11 (vii) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി 10/07/2007 പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ, മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Malini S
Date: 23-08-2023 12:29:23

ഡോ. മാലിനി. എസ്
ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

സ്വീകർത്താവ്

Smt.Sheela.P.V
Panengadan House
Manakode.P.O
Thrissur .Pin-680017(Through Registered Post with A/D)

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല , എറണാകുളം.
2. സൂപ്രണ്ട് ,ഇ എസ് ഐ ആശുപത്രി ,ഒളരിക്കര
3. ഇ5 സെക്ഷൻ. 4. website/E mail. 5. ഫയൽ/സ്റ്റോക്ക് ഫയൽ.